മെട്രോ
# വാർത്ത
കൊച്ചി | തിരുവനന്തപുരം | കോഴിക്കോട് | തൃശൂർ | മലപ്പുറം

ജൂലൈ 30
ശനി
വില:
3 രൂപ
20 പേജ്

## ഇ-ടോയ്‌ലെറ്റ് ഉദ്ഘാടനം ചെയ്തു

കൊച്ചി

ജില്ലയിലെ എയ്ഡഡ് സ്കൂളുകളിൽ നടപ്പിലാക്കുന്ന ശുചി@സ്കൂൾ പദ്ധതിയുടെ ആദ്യയൂണിറ്റ് എറണാകുളം ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ ഉദ്ഘാടനം ചെയ്തു.

ആധുനികവും വൃത്തിയുള്ളതുമായ ഇ-ടോയ്‌ലെറ്റുകളാണു സ്കൂളിൽ സ്ഥാപിച്ചിട്ടുള്ളത്. റിട്ടയേർഡ് ജസ്റ്റിസ് വി. ആർ കൃഷ്ണയ്യർ ഉദ്ഘാടനം നിർവഹിച്ചു. ചടങ്ങിൽ മേയർ ടോണി ചമ്മിണി അധ്യക്ഷത വഹിച്ചു. പി.രാജീവ് എംപി, ഡെപ്യൂട്ടി മേയർ ഭദ്ര സതീഷ്, കൊച്ചി റിഫൈനറി ഡെപ്യൂട്ടി ഡയറക്ടർ നന്ദകുമാർ, ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് സക്കീർ ഹുസൈൻ എന്നിവർ പങ്കെടുത്തു.

കാഴ്ചയിൽ മനോഹരവും ലളിതവുമായ ഇ-ടോയ്‌ലെറ്റ് പൊതുസ്ഥലങ്ങളിൽ ടോയ്‌ലെറ്റിന്റെ അഭാവം മൂലമുള്ള പ്രയാസങ്ങൾക്കു പരിഹാരമാകും. സ്കൂളുകൾക്കു അനുയോജ്യമായ രീതിയിലാണു ആദ്യ ഇ-ടോയ്‌ലറ്റ് നിർമിച്ചിരിക്കുന്നത്. ഒരു യൂനിറ്റിനു ഒന്നര ലക്ഷം രൂപ ചെലവുവരും.

**ഉപയോഗ ശേഷം സ്വയം വൃത്തിയാകും**

**വാതിൽ തുറക്കാനും അടയ്ക്കാനും ഓട്ടോമാറ്റിക് സംവിധാനം**

കൊച്ചി നഗരത്തിനു അത്ര പരിചതമല്ലാത്ത ഇ-ടൊയ്‌ലറ്റിന്റെ പ്രത്യേകത അതിന്റെ ആധുനിക സംവിധാനങ്ങൾ തന്നെയാണ്. വാതിൽ തുറക്കുന്നതു മുതൽ ശുചീകരണം വരെ ഓട്ടോമാറ്റിക്ക് സംവിധാനമായതുകൊണ്ട് നോക്കി നടപ്പിനു പ്രത്യേക ആളുകളെ നിയമിക്കേണ്ട ആവശ്യമില്ല എന്നതാണു പ്രധാന സവിശേഷത.

നാണയം ഇട്ടാൽ മാത്രമാണു ഇ-ടൊയ്‌ലെറ്റിന്റെ വാതിൽ തുറക്കുന്നതെങ്കിൽ സ്കൂൾ ടോയ്‌ലെറ്റിൽ ബട്ടൺ അമർത്തിയാൽ വാതിൽ തുറക്കും. അകത്ത് ആളുണ്ടെങ്കിൽ ബട്ടൺ അമർത്തിയാലും വാതിൽ തുറക്കില്ല. ഉപയോഗം കഴിഞ്ഞാൽ തന്നെ ഫ്ളഷ് ചെയ്യും.

ഉപയോഗിച്ചു കഴിഞ്ഞാൽ സ്വയം തറ കഴുകി വൃത്തിയാക്കും. ഇതിന്റെ സമയം ക്രമീകരിക്കാൻ സൗകര്യമുണ്ട്. ഭിത്തി ഫൈബറിലാണു നിർമിച്ചിരിക്കുന്നത്. മുകൾ വശത്തെ ലൈറ്റ് പച്ചയാണോ ചുവപ്പാണോ എന്നു നോക്കി ആൾ അകത്തുണ്ടോ ഇല്ലയോ എന്നറിയാനാകും.